INSTITUTE OF HUMAN RESOURCES DEVELOPMENT
13 DEC 2018
THIRUVANANTHAPURAM

**കേരള സർക്കാർ**
**ഊർജ്ജ (എ) വകുപ്പ്**

നം. പി.ഡബ്ല്യു.ആർ.എ 3/310/2018-പവർ തീയതി, തിരുവനന്തപുരം 13.12.2018

## പരിപത്രം

വിഷയം: ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണം - വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദ്ദേശം - പുറപ്പെടുവിക്കുന്നു.

സൂചന: എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ 06.12.2018 ലെ ഇ.എം.സി/ഡി.ഐ.ആർ/285/2018 നമ്പർ കത്ത്.

..............................

ദേശീയ തലത്തിൽ എല്ലാ വർഷവും ഡിസംബർ 14 ദേശീയ ഊർജ്ജസംരക്ഷണ ദിനമായി ആചരിച്ചു വരികയാണ്. കേരളത്തിൽ നവംബർ 15 മുതൽ ഡിസംബർ 14 വരെ വിവിധ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളോടു കൂടി ഊർജ്ജ സംരക്ഷണ മാസമായി ആചരിച്ചു വരുന്നു. എല്ലാ വിഭാഗം ജനങ്ങളിലും ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന സന്ദേശമെത്തിക്കുക, മത്സര പരിപാടികൾ, ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കൂടുതൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ മനസ്സിലാക്കുക, ഊർജ്ജത്തിന്റെ ദുരുപയോഗം തടഞ്ഞ് കുറഞ്ഞ ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഊർജ്ജ നഷ്ടം തടഞ്ഞ് കാര്യക്ഷമമായ ഊർജ്ജോപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഊർജ്ജസംരക്ഷണ ദിനാചരണത്തിന്റെ ഉദ്ദേശ്യം. കേരളത്തിലെ ഊർജ്ജസംരക്ഷണ ദിനാചരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിനും എല്ലാ വകുപ്പുകളുടെ നേതൃത്വത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

അതിനാൽ എല്ലാ വകുപ്പു മേധാവികളും ജില്ലാ കളക്ടർമാരും പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും അവരവരുടെ ഓഫീസുകളിലും അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും 2018 ഡിസംബർ 14-ന് രാവിലെ 11:00 മണിക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അന്നേ ദിവസത്തെ അസംബ്ലി സെഷനിലും ഊർജ്ജ സംരക്ഷണ പ്രതിജ്ഞ എടുക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

സഞ്ജയ് കൗൾ
സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ പൊതു മേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്ക്
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള/കാലിക്കറ്റ്/കുസാറ്റ്/കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ 680596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്, കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പ്,പ്രതിജ്ഞാ ചടങ്ങ് സെക്രട്ടേറിയറ്റിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായി നടപടി സ്വീകരിക്കുന്നതിനായി
പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് (പ്രതിജ്ഞാ ചടങ്ങ് സെക്രട്ടേറിയറ്റിൽ സംഘടിപ്പിക്കുന്നതിന് ദർബാർ ഹാൾ ബുക്ക് ചെയ്യുന്നതിനായി)
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണനഗർ, ശ്രീകാര്യം, തിരുവനന്തപുരം 695017 (എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിലേയ്ക്കായി)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (അതാത് വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രതിജ്ഞാചടങ്ങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിലേയ്ക്കായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. No: EB3/15538/2018/HRD dt 13.12.2018

1. Copy Communicated to all heads of Institutions for Compliance.
2. S.F
3. O.C

DIRECTOR

## ഊർജ്ജസംരക്ഷണ പ്രതിജ്ഞ

ഊർജ്ജ വിഭവങ്ങളുടെ അമിത ചൂഷണവും അമിതോപഭോഗവും വരുത്തിവെയ്ക്കുന്ന ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും എന്റെ നാടിന്റെയും മുഴുവൻ ലോകത്തിന്റെയും നാശത്തിന് വഴിവെക്കുമെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ജീവസംരക്ഷണം ഊർജ്ജസംരക്ഷണത്തിലൂടെയേ സാധ്യമാവൂ എന്നതിനാൽ ഹരിതഗൃഹ വാതകങ്ങളുടെ നിർഗമനം കൂട്ടുന്ന ഏതു നടപടിയും നിരുത്സാഹപ്പെടുത്തുവാൻ വേണ്ട പ്രചാരണ പ്രബോധന പരിപാടികളിൽ ഞാൻ ഇന്നു മുതൽ സജീവ സാന്നിദ്ധ്യമായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

വരും തലമുറകൾക്കുകൂടി ഉപയോഗിക്കാനാവുംവിധം പരിസ്ഥിതി സൗഹൃദ ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുവാനും വ്യാപകമായുപയോഗപ്പെടുത്തുവാനും, എവിടെയും എപ്പോഴും ഊർജ്ജക്ഷമത ഉയർത്തിപ്പിടിക്കുവാനും വേണ്ടി ആളുകളെ പ്രേരിപ്പിക്കുന്നത് പൗരധർമ്മമായും സ്വന്തം കടമയായും കണക്കാക്കി, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ ഇനി ആഴത്തിൽ മുഴുകി പ്രവർത്തിക്കുമെന്നും ഞാൻ ദൃഢ പ്രതിജ്ഞ ചെയ്യുന്നു.

## ENERGY CONSERVATION PLEDGE

I do strongly believe that over exploitation and over utilisation of energy resources, which intensify Global Warming and Climate Change, may lead to destruction of my nation and the whole world.

Energy conservation has great role in protecting the life forms. So, I do hereby solemnly pledge that from today, I shall participate actively in awareness and education programmes meant to discourage human actions that would result in increased emission of green house gases.

I also pledge solemnly, that encouraging people for developing and using environment friendly energy sources that can be enjoyed sustainably by our future generations, and upholding energy efficiency everywhere and at all times, shall be treated by me as my bounden duty and civic responsibility.